**മധുരമായ കുട്ടികളേ, ഒരു ഈശ്വരനോട് സത്യമായ പ്രേമം ഉണ്ടായിരിക്കണം, ഈ ഇന്ദ്ര സഭയിലേക്ക് സത്പുത്രന്മാരെ മാത്രമെ കൊണ്ടു വരാൻ പാടുള്ളൂ, കുപുത്രന്മാരെ കൊണ്ടു വരരുത്.**

**ചോദ്യം –** 21 ജന്മങ്ങളിലേക്കുള്ള ഏറ്റവും വലിയ ലോട്ടറി നേടുന്നതിന് ഏതൊരു പുരുഷാർത്ഥം ചെയ്തു കൊണ്ടു പോകണം?
**ഉത്തരം –** ഒരു പാരലൗകിക പ്രിയതമനെ ഓർമ്മിക്കാനും അതോടൊപ്പം ബാബയുടെ ശ്രീമത്തിലൂടെ നടക്കുന്നതിനുള്ള പൂർണ്ണമായ പുരുഷാർത്ഥം ചെയ്യൂ. അഥവാ ആരുടെയെങ്കിലും നാമത്തിലോ രൂപത്തിലോ കുടുങ്ങിയാൽ അവിടെ നിന്നും ബുദ്ധിയോഗത്തെ മാറ്റണം. രാത്രിയിൽ എപ്പോഴാണോ നിങ്ങൾക്ക് സമയം കിട്ടുന്നത്, സ്നേഹത്തോടെ ബാബയെ ഓർമ്മിക്കൂ, ദൈവീക ഗുണങ്ങളെ ധാരണ ചെയ്യൂ എങ്കിൽ 21 ജന്മങ്ങളിലേക്കുള്ള ലോട്ടറി കിട്ടും.

**ഗീതം –** ഈശ്വരൻ നമ്മളിൽ നിന്നും വേർപിരിയുന്നില്ല.....

**ഓം ശാന്തി.** ദു:ഖം ഇവിടെയാണ് ഉള്ളത്. ദു:ഖത്തിൽ നിന്നും മോചിപ്പിക്കുന്നതിനാണ് ബാബ വന്നിരിക്കുന്നത് എന്തുകൊണ്ടെന്നാൽ കുട്ടികൾ മനസ്സിലാക്കി കഴിഞ്ഞു കൃഷ്ണൻ ഇവിടെ ഉണ്ടാവുകയില്ല. കൃഷ്ണന്റെ ലോകത്തിൽ ദു:ഖം ഉണ്ടാവുകയില്ല. കംസപുരിയിലാണ് ദു:ഖം ഉള്ളത്. ശ്രേഷ്ഠാചാരികളായ ദേവതകളുടെ ലോകമാണ് കൃഷ്ണപുരി. നിങ്ങൾ ഇപ്പോൾ ദൈവീകഗുണങ്ങളെ ധാരണ ചെയ്യുന്നവരാണ്. അഥവാ ആസുരീയ സ്വഭാവം ഉണ്ടെങ്കിൽ ദൈവീക സമ്പ്രദായത്തിൽ നല്ല പദവി പ്രാപ്തമാകില്ല. ഇപ്പോൾ പദവി പ്രാപ്തമാകുന്നില്ലെങ്കിൽ കല്പ കല്പങ്ങളിലേക്ക് കിട്ടില്ല. വളരെ നഷ്ടം ഉണ്ടാകും. സാധാരണ നഷ്ടവും ലാഭവും ഒരു ജന്മത്തേക്കാണ് ഉണ്ടാകുന്നത്. ഇത് ജന്മ ജന്മാന്തരങ്ങളിലെ കാര്യമാണ്. നല്ലതും മോശവുമായ കർമ്മം ഉണ്ടല്ലോ. സത്യയുഗത്തിൽ കേവലം നല്ല കർമ്മമാണ് ഉണ്ടാവുക. മോശമായ കർമ്മം ചെയ്യിപ്പിക്കുന്ന രാവണൻ അവിടെ ഉണ്ടാവുകയില്ല. ഇവിടെ ആര് എങ്ങനെയുള്ള കർമ്മമാണോ ചെയ്യുന്നത്, അതിന് അനുസരിച്ച് 21 ജന്മങ്ങളിലേക്ക് ഫലം പ്രാപ്തമാകും. ഒന്നുകിൽ ശ്രീമത്തിലൂടെ നടക്കണം ഇല്ലെങ്കിൽ ആസുരീയ നിർദേശത്തിലൂടെ നടക്കണം. മോശമായ കർമ്മം ചെയ്യുക അർത്ഥം രാവണന്റെ നിർദേശത്തിലൂടെ നടക്കുകയാണ്, പെട്ടെന്ന് മനസ്സിലാക്കാൻ കഴിയും. പൂർണ്ണമായും സ്നേഹം ഉണ്ടായിരിക്കണം. ഈശ്വരനോട് സ്നേഹം ഇല്ലെങ്കിൽ തീർച്ചയായും അസുരൻമാരോട് സ്നേഹമുണ്ട്. ഇവിടെ നിങ്ങൾക്ക് ഈശ്വരീയ സ്നേഹമാണ് പ്രാപ്തമാകുന്നത്. പറയുന്നു ഈശ്വരനാകുന്ന ബാബാ എന്ന്. പ്രതിജ്ഞയും ചെയ്യുന്നുണ്ട് – ഞങ്ങൾ അങ്ങയോടൊപ്പം പ്രീതി വെക്കും. പിന്നെ വേറെ ആരോടെങ്കിലും പ്രേമം ഉണ്ടാവുകയാണെങ്കിൽ അത് അസുരൻമാരോട് വെച്ചതു പോലെ ആയിരിക്കും. പിന്നെ സ്വയവും അസുരനാകും. ഒരു കഥയും പറയുന്നുണ്ടല്ലോ – ഇന്ദ്ര സഭയുണ്ടായിരുന്നു, അവിടേയ്ക്ക് ഏതോ ഒരു മാലാഖ ഒരു വികാരിയെ കൂട്ടി കൊണ്ടു വന്നു. അത് സത്പുത്രനായിരുന്നില്ല, കുപുത്രനായിരുന്നു അതിനാൽ രണ്ടു പേരേയും താഴേക്ക് പറഞ്ഞു വിട്ടു എന്നെല്ലാം. ജ്ഞാനം പൂർണ്ണമായും ഇല്ലാത്തതു കൊണ്ടാണ് ഇങ്ങനെയുള്ളവരെ കൂട്ടി കൊണ്ടു വരുന്നത്, അവർക്ക് പവിത്രമായി ജീവിക്കാനും സാധിക്കില്ല. അതിനാൽ ഏത് ബി.കെയാണോ അങ്ങനെയുള്ളവരെ കൂട്ടി കൊണ്ടു വരുന്നത് അവർക്കും ശാപം കിട്ടും. അവരാണെങ്കിൽ ശപിക്കപ്പെട്ടവരാണ്. ഇത് ഈശ്വരന്റെ ജ്ഞാനത്തിന്റെ ഇന്ദ്ര സഭയാണ്. ജ്ഞാനത്തിന്റെ മഴ നൽകാൻ ഒരു ബാബക്കാണ് സാധിക്കുക. അതിനാൽ വളരെ മനസ്സിലാക്കിയിട്ട് വേണം ഈ സഭയിലേക്ക് ആരെയെങ്കിലും കൊണ്ടു വരുന്നത്, ഇല്ലെങ്കിൽ കൂട്ടി കൊണ്ടു വരുന്നവർക്കും ശാപം കിട്ടും. നിങ്ങൾ ആത്മീയ വഴികാട്ടികളാണ്, നിങ്ങൾ വളരെ ജാഗ്രതയോടെ വേണം ആരെയെങ്കിലും പരമാത്മാവിന്റെ അടുത്തേക്ക് കൊണ്ടു വരാൻ. ധാരാളം പേരെ കൂട്ടി കൊണ്ടു വരുന്നുണ്ട്, ചിലരുമായി കൂടികാഴ്ചയും നടത്തേണ്ടി വരാറുണ്ട് പക്ഷെ വീണ്ടും അങ്ങനെയുള്ള ദിനങ്ങൾ വരും, എത്ര തന്നെ ഉയർന്ന വ്യക്തി ആണെങ്കിലും പവിത്രത ഇല്ലെങ്കിൽ ബാബയെ കാണാൻ അവർക്ക് സാധിക്കില്ല. ഇപ്പോഴെ അങ്ങനെ ചെയ്താൽ ബുദ്ധിമുട്ടാകും. ലക്ഷ്യം വളരെ ഉയർന്നതാണ്, എത്രയോ ആശ്രമങ്ങളും സത്സംഗങ്ങളും ഉണ്ട്, അവിടെയൊന്നും ഇതു പോലെ ലക്ഷ്യമില്ല, ഇതിലൂടെ എന്തു ലാഭമാണ് നമുക്ക് പ്രാപ്തമാവുക എന്നതു പോലും അവർക്ക് അറിയില്ല. ഇവിടെ വളരെ വലിയ അക്ഷരത്തിൽ ലക്ഷ്യം എഴുതി വെക്കണം. മനുഷ്യനിൽ നിന്നും ദേവതയാകണം. സിഖ് ധർമ്മത്തിൽ ഉള്ളവർ പാടാറുണ്ട് മനുഷ്യനിൽ നിന്നും ദേവതയാക്കി....സത്യയുഗത്തിലാണ് ദേവതയാകുന്നത്. അതിനാൽ തീർച്ചയായും മനുഷ്യനെ ദേവതയാക്കി മാറ്റുന്നത് ഭഗവാനായിരിക്കും. ഭഗവാൻ നിങ്ങളെ എന്താക്കി മാറ്റി? ഭഗവാൻ

അഥവാ ഭഗവതി ആക്കി മാറ്റി. പക്ഷെ നമ്മൾ ദേവി ദേവതാ എന്നാണ് പറയാറുള്ളത്, കാരണം ഒരു ഭഗവാനാണ് ഉള്ളത്. ബ്രഹ്മാ വിഷ്ണു ശങ്കരൻ സൂക്ഷ്മ വതന വാസികളാണ്. ലക്ഷ്മി നാരായണനും ദൈവീക ഗുണങ്ങളുള്ള മനുഷ്യരാണ്. ദൈവീക ഗുണങ്ങളിൽ ഉണ്ടായിരുന്നവർ തീർച്ചയായും ആസുരീയ ഗുണങ്ങളിലേക്ക് വരും. ഇപ്പോൾ ബ്രഹ്മാവിലൂടെ സ്ഥാപന നടക്കുകയാണ്. ബാബ പറയുകയാണ് ഞാൻ പതിതമായ ലോകത്തിൽ പതിതമായ ശരീരത്തിലേക്കാണ് വരുന്നത്. അവർ പൂർണ്ണമായും 84 ജന്മങ്ങളും എടുക്കും, തന്റെ കുലത്തിലെ എല്ലാവരോടുമൊപ്പം. പതിതരെ പാവനമാക്കി മാറ്റുന്നത് ബാബയാണ് കൃഷ്ണൻ എങ്ങനെയാണ് പതിതരെ പാവനമാക്കി മാറ്റുക. ആ നാമ രൂപത്തിൽ കൃഷ്ണൻ ഒരു തവണ മാത്രമെ വരുകയുള്ളൂ. കൃഷ്ണന്റെ ആ ചിത്രം 5000 വർഷങ്ങൾക്ക് ശേഷം കിട്ടും. ബാക്കി വിവിധ ജന്മങ്ങൾ കിട്ടും. ഈ ലക്ഷ്മി നാരായണൻ ഇപ്പോൾ ജഗദംബയും ജഗത്പിതാവുമാണ്, അവർക്ക് അറിയാം അടുത്ത ജന്മത്തിൽ നമ്മൾ ആരായി തീരും. ഇപ്പോഴുള്ള രൂപവും ഭാവവുമെല്ലാം പരിവർത്തനപ്പെടും. നിങ്ങൾക്ക് ഇപ്പോൾ വതനത്തിലേക്ക് പോയി കാണാൻ സാധിക്കും. സത്യയുഗത്തിൽ ലക്ഷ്മി നാരായണന്റെ രൂപം എങ്ങനെ ആയിരിക്കും. നിങ്ങൾക്ക് ഈ സമയത്ത് സാക്ഷാത്കാരം കിട്ടും. ഇത് അത്ഭുതമാണ് വേറെ ആർക്കും സാക്ഷാത്കാരം ലഭിക്കുകയില്ല. നിങ്ങൾക്ക് ഈ ഒരാളുടെത് കൃത്യമായി കാണാൻ സാധിക്കും. പക്ഷെ ആ ചിത്രം ഇവിടെ ഉണ്ടാവുകയില്ല . ആ ഫോട്ടോ ഇവിടെയാണ് ഉണ്ടാക്കിയിരിക്കുന്നത്. ഭാവിയിൽ നമ്മൾ ആരായി തീരും എന്നതും നിങ്ങൾക്ക് അറിയാം. ഗുരു നാനാക്കിന്റെ കൃത്യമായ ചിത്രം വീണ്ടും 5000 വർഷങ്ങൾക്ക് ശേഷം ഉണ്ടാക്കപ്പെടും. ഈ കാര്യങ്ങൾ നിങ്ങൾക്ക് അറിയാം. ഇങ്ങനെയുള്ള അച്ഛന്റെ കൂടെ വളരെ നല്ല യോഗം വെക്കണം അതോടൊപ്പം അവ്യഭിചാരി ഓർമ്മയായിരിക്കണം. ആരുടെയെങ്കിലും നാമത്തിനോടോ രൂപത്തിനോടോ പ്രേമം തോന്നിയാൽ വ്യഭിചാരിയാകും. ശിവബാബയുടെ ഭക്തി ആരംഭിച്ചപ്പോൾ ആദ്യം അതിനെ അവ്യഭിചാരി ഭക്തി എന്നാണ് പറഞ്ഞിരുന്നത്. ശിവനെയാണ് പൂജിക്കുന്നത്. ഇപ്പോൾ വീണ്ടും ഒരു ശിവബാബയെ വേണം ഓർമ്മിക്കുവാൻ. ബാബ പറയുകയാണ് നിങ്ങൾ കുട്ടികൾക്ക് അന്തിമത്തിൽ മറ്റാരുടേയും കൂടെ ബുദ്ധിയോഗം ഉണ്ടാവരുത്, അല്ലെങ്കിൽ വ്യഭിചാരിയാകും. എവിടെയെങ്കിലും നാമത്തിലോ രൂപത്തിലോ ബുദ്ധി കുടുങ്ങിയിട്ടുണ്ടെങ്കിൽ അവിടെ നിന്നും മുക്തമാക്കണം. എവിടെയെങ്കിലും ക്ഷീണിപ്പിക്കുക എന്നതും മായയുടെ ജോലിയാണ്. ചിലപ്പോഴെല്ലാം മിത്രങ്ങളുടേയും സംബന്ധികളുടേയും ഓർമ്മ വരും. പെട്ടെന്ന് യോഗം കിട്ടണം, ഇത് നടക്കില്ല. ബാബ പറയുകയാണ് ഇപ്പോൾ ആരും സമ്പൂർണ്ണരല്ല. ഇത് വളരെ വലിയതിലും വലിയ 21 ജന്മങ്ങളിലേക്കുള്ള ലോട്ടറിയാണ്, ഇതിൽ വളരെ നല്ല പുരുഷാർത്ഥം ചെയ്യണം. മായ വളരെ ശക്തിശാലിയാണ്, പെട്ടെന്ന് തന്നെ ബാബയുടെ ഓർമ്മയെ മറപ്പിക്കും. ഇതും ഡ്രാമയിൽ അടങ്ങിയതാണ് അതിനാൽ രാത്രിയിൽ ഓർമ്മയിൽ കഴിയുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം. പകൽ സമയം കിട്ടുകയില്ല, എങ്കിൽ പാരലൗകിക പ്രിയതമനെ രാത്രിയിൽ ഓർമ്മിക്കണം. ശ്രീമത്തിലൂടെ നടക്കുകയാണെങ്കിൽ ശ്രേഷ്ഠരാകും. ഇപ്പോഴുള്ള ശേഷ്ഠാചാരിയായ കൃഷ്ണനെയാണ് ഗീതയുടെ ഭഗവാനെന്ന് പറയുന്നത് അതോടൊപ്പം ശ്രേഷ്ഠമാക്കി മാറ്റുന്ന ബാബയെ ഗുപ്തമാക്കുകയും ചെയ്തു. കൃഷ്ണന്റെ ഗുണങ്ങളും പരംപിതാ പരമാത്മാവിന്റെ ഗുണങ്ങളേയും തീർച്ചയായും വർണ്ണിക്കണം. അതിലൂടെ സർവ്വവ്യാപിയുടെ ജ്ഞാനം ഇല്ലാതാകും. ഇത് സംഗമ യുഗമാണ്, ഇതിനെ മംഗളകാരിയായ ആനന്ദത്തിന്റെ യുഗം എന്നാണ് പറയാറുള്ളത്. സത്യയുഗത്തെ അഥവാ കലിയുഗത്തെ മംഗളകാരി യുഗം എന്ന് പറയില്ല. സത്യയുഗം മംഗളകാരി യുഗം തന്നെയായിരുന്നു, അതിന് മുമ്പ് അമംഗളം ഉണ്ടായിരുന്ന യുഗങ്ങളും ഉണ്ടായിരുന്നു. എപ്പോഴാണോ ശിവബാബ അവതരിക്കുന്നത് ആ സംഗമയുഗത്തിനാണ് മഹിമ ഉള്ളത്. ബാബ പറയുകയാണ് ഞാൻ കല്പത്തിലെ സംഗമയുഗത്തിലാണ് വരുന്നത്. കല്പം പൂർത്തിയാവുകയും പിന്നെ പുതിയത് ആരംഭിക്കുകയും ചെയ്യും. പഴയ കല്പത്തിലെ കലിയുഗവും പുതിയ കല്പത്തിൽ സത്യയുഗവും വരും. ഇതാണ് കല്പത്തിലെ സംഗമയുഗം. അവരാണെങ്കിൽ യുഗയുഗങ്ങളിൽ എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനാൽ സത്യ ത്രേതാ യുഗത്തിന്റെ സംഗമം, ത്രേതാ ദ്വാപരത്തിന്റെ സംഗമം, ദ്വാപര കലിയുഗത്തിന്റെ സംഗമം, പിന്നെ കലി– സത്യയുഗത്തിന്റെ സംഗമം അങ്ങനെ നാലു സംഗമം വന്നുവല്ലോ. അപ്പോൾ അവതാരങ്ങളും നാല് ആയിരിക്കണമല്ലോ. പിന്നെ 24 അവതാരങ്ങൾ എന്ന് എന്തിനാണ് പറയുന്നത്? ഇതെല്ലാം ധാരണ ചെയ്യാനുള്ള കാര്യങ്ങളാണ്.

ബാബ വളരെ സഹജമായ രീതിയിൽ എഴുതിപ്പിച്ചിട്ടുണ്ട് പരംപിതാ പരമാത്മാവുമായി താങ്കളുടെ സംബന്ധം എന്താണ്? പരംപിതാവ് പറയുകയാണ് തീർച്ചയായും രണ്ട് അച്ഛൻമാരുണ്ട്. പ്രദർശിനിയിൽ ധാരാളം മനസ്സിലാക്കി കൊടുക്കുന്നുണ്ട് എന്നാൽ മനസ്സിലാക്കുന്നത് ചിലരാണ്. ഒരാൾക്കും നിശ്ചയം ഉണ്ടാവുന്നില്ല. ഇങ്ങോട്ട് വരും, മുരളി കേൾക്കും പക്ഷെ ബാബ നമ്മുടെ അച്ഛനാണ്, ബാബയിൽ നിന്നും സമ്പത്ത് നേടണം, ശ്രീമത്തിലൂടെ നടക്കണം. ഈ കാര്യം ആരുടേയും ബുദ്ധിയിൽ ഇരിക്കുന്നില്ല. ആയിരകണക്കിന് ആളുകൾ വരും പക്ഷെ ഒരാൾക്ക് പോലും ബാബ നമ്മുടെ അച്ഛനാണ്, ബാബയുടെ

നിർദേശത്തിലൂടെ നടക്കണം എന്ന നിശ്ചയമില്ല. ആദ്യം മാതാ പിതാവിന്റെ മുഖം നോക്കണം. പക്ഷെ നിശ്ചയമില്ല, മായ വളരെ ശക്തിശാലിയാണ്. ഈ ശക്തിശാലിയായ മായയിൽ നിന്നും രക്ഷപ്പെടാൻ വളരെ പരിശ്രമം ചെയ്യണം. ബാബ പറയുകയാണ് സത്ഗുരുവിന്റെ നിന്ദ ചെയ്താൽ ഗതി കിട്ടില്ല. അഥവാ മോശമായ പെരുമാറ്റമാണെങ്കിൽ ഗതി കിട്ടില്ല. ഇവിടെ ലക്ഷ്യം വളരെ സ്പഷ്ടമാണ്. അരകല്പം ഭക്തി മാർഗ്ഗമാണ് നടന്നത്. അത് താഴ്ന്ന കലയാണ്. പാടുന്നുണ്ട് ഗുരുവിന്റെ നാമം പറയുന്നതിലൂടെ ഉയരുന്ന കലയിലേക്ക് പോകും എന്നെല്ലാം. പക്ഷെ ഏത് ഗുരുവാണ്? സത്ഗുരു. നിങ്ങൾക്ക് സത്ഗുരുവിനെ അറിയാം അത് ശിവബാബയാണ്, സത്യമായ അച്ഛനാണ്, സത്യമായ ടീച്ചറാണ്, സത്ഗുരുവാണ്. ശിവബാബയെ ഓർമ്മിക്കുന്നതിലൂടെ ഉയരുന്ന കല ഉണ്ടാകും. 16 കലയുള്ളവരായി മാറും. പിന്നെ 16 കലയിൽ നിന്നും താഴേക്കും ഇറങ്ങും. മനുഷ്യർ പറയും ഞങ്ങൾ ഇതിൽ നിന്നും മുക്തമാകാൻ ആഗ്രഹിക്കുകയാണ്. പക്ഷെ ആരും രക്ഷപ്പെടുന്നില്ല. ഉയരുന്ന കല പിന്നെ താഴ്ന്ന കല പിന്നെയും ഉയരുന്ന കല, സതോപ്രധാനത്തിൽ നിന്നും സതോ, രജോ, തമോ വീണ്ടും സതോ...ഈ ചക്രം കറങ്ങി കൊണ്ടിരിക്കും. ഈ ചക്രത്തിലേക്ക് എല്ലാവർക്കും വരണം. നിങ്ങൾ മുഴുവൻ ചക്രത്തിലേക്കും വരും, അവർ മുഴുവൻ ചക്രത്തിലും വരുന്നില്ല. സതോ രജോ തമോ ആവുക തന്നെ വേണം. കുട്ടികാലത്തെയാണ് സതോപ്രധാനം എന്നു പറയുന്നത് പിന്നെ കുറച്ച് വലുതായാൽ സതോ, യുവാവായാൽ രജോവാകും, വൃദ്ധനായാൽ തമോവാകും. ഓരോരുത്തരുടേയും സുഖത്തിന്റേയും ദു:ഖത്തിന്റേയും പാർട്ട് അടങ്ങിയതാണ്. ഈ നാടകം വളരെ അത്ഭുതകരമാണ്, ഇത് ആർക്കും അറിയില്ല. രാജകീയ കുടുംബങ്ങളിലെ കുട്ടികളുടെ പെരുമാറ്റം വളരെ നല്ലതായിരിക്കും. ഇവിടെ ശ്രീമത്തിലൂടെ നടക്കുക തന്നെ വേണം. എല്ലാവരും ഏകരസമൊന്നുമല്ല. ബാബ മനസ്സിലാക്കി തരുകയാണ് ദാസ ദാസിയാവുക, മൂന്നാം തരത്തിലുള്ള രാജാ റാണിയാവുക, അതിനെക്കാൾ നല്ലതാണ് പ്രജയിൽ ധനവാനായി മാറുന്നത് ഇവിടെ ഇരുന്നും അഥവാ ശ്രീമത്തിലൂടെ നടന്നില്ലെങ്കിൽ ദാസനും ദാസിയുമായി മാറേണ്ടി വരും. ദാസ ദാസിയിൽ വരരുത്. ദാസനും ദാസിയുമായി രാജധാനിയിലേക്ക് പോയാലും അവർക്ക് കൂടുതൽ സുഖം പ്രാപ്തമാകും. അവരുടെ നാമം ദാസനോ ദാസിയോ ആയിരിക്കില്ല, പ്രജയിൽ ധനവാനാകും. ഇവിടെ ഇരുന്ന് കൊണ്ട് എന്തെങ്കിലും മോശമായ കർമ്മം ചെയ്താൽ ദാസിയുടേയും ദാസിയാകേണ്ടി വരും. ചിലർ നല്ല ദാസിയായിരിക്കും, ചിലർ മര്യാദ ഇല്ലാത്ത ദാസിയായിരിക്കും. അതിനാൽ വളരെ നല്ല പുരുഷാർത്ഥം ചെയ്യണം അതിനാൽ ബാബ എഴുതുകയാണ് കുട്ടികളുടെ സർട്ടിഫിക്കറ്റ് അയക്കണം. ചിലർ സ്വയത്തെ മിഥ്യാ ജ്ഞാനി ആണെന്ന് മനസ്സിലാക്കി ഇരിക്കുന്നുണ്ട്. ജാഗ്രത ഉണർത്താൻ പിന്നെ ആരാണ് അവർക്ക് റിപ്പോർട്ട് കൊടുക്കുക. ബാബയുടെ ജോലിയാണ് മനസ്സിലാക്കി തരുക, പൂർണ്ണമായും ലക്ഷ്യം കിട്ടിയിട്ടുണ്ട്, എന്ത് ആഗ്രഹിക്കുന്നോ പുരുഷാർത്ഥം ചെയ്തോളൂ, വിജയ മാലയിൽ കോർക്കപ്പെട്ട് കാണിച്ചു കൊടുക്കണം. 8 ന്റെ മാലയാണല്ലോ. 108ന്റെയും മാലയുണ്ട്, 16108ന്റെയും മാലയുണ്ട്. നിർവ്വികാരി ലോകത്തിന്റെ രാജാവും രാജ്ഞിയും ചിലർ ആയി തീരും. പിന്നെ ധാരാളം പേർ വരും, ഇവിടെ ഭാരതത്തിലായിരിക്കും കൂടുതൽ പേർ ഉണ്ടാവുക. എത്ര ഗ്രാമങ്ങളുണ്ട്, എത്ര രാജാക്കന്മാരും റാണിമാരും ഉണ്ടാകും പിന്നെ അവരുടെ എത്ര രാജകുമാരന്മാരും രാജകുമാരിമാരും ഉണ്ടാകും, എത്ര പേരായിരിക്കും. വലിയ ലിസ്റ്റ് തന്നെ ഉണ്ടല്ലോ. മഹാരാജാവ്, രാജാവ് പിന്നെ അവരുടെ കുടുംബാംഗങ്ങളും ഉണ്ടാകും. പുസ്തകങ്ങളിൽ മുഖ്യമായവരുടെ പേർ മാത്രമായിരിക്കും ഉണ്ടാവുക. അവിടെ ഓരോ കുടുംബത്തിലും ഓരോ കുട്ടികളുണ്ടാകും. വളരെ വലിയ കണക്കാണല്ലോ ഇത്. പിന്നെ ബാബയും പറയുകയാണ് പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കണം ഇതിലൂടെയാണ് സമ്പത്ത് കിട്ടുക. ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിയണം, ഇതാണ് പവിത്രമായ പ്രവൃത്തി മാർഗ്ഗം. ചിലർ ഈശ്വരനെ തിരിച്ചറിയാത്തതു കൊണ്ട് സ്വയത്തെ തന്നെ ഈശ്വരനാണെന്ന് മനസ്സിലാക്കുന്നുണ്ട്. ജനനമരണത്തിലേക്കും വരുന്നുണ്ട്. അകാല മരണവും നടക്കുന്നുണ്ട് അതോടൊപ്പം സ്വയത്തെ ഈശ്വരനാണെന്നും പറയുന്നുണ്ട്. നിങ്ങൾക്ക് അറിയാം സമയത്തിന് മുമ്പ് ദേവതകൾ ശരീരം ഉപേക്ഷിക്കില്ല. എപ്പോഴാണോ സമയം പൂർത്തിയാകുന്നത് അപ്പോൾ സാക്ഷാത്കാരം കിട്ടും. ഇപ്പോൾ പഴയ ശരീരത്തെ ഉപേക്ഷിച്ച് പുതിയത് എടുക്കണം, വളരെ മനസ്സിലാക്കാനുള്ള കാര്യങ്ങളാണ്. കേവലം ഒരു ബാബയെ ഓർമ്മിക്കണം , മറ്റാരുടേയെങ്കിലും നാമത്തിലോ രൂപത്തിലോ കുടുങ്ങരുത്, ഇല്ലെങ്കിൽ വീണു പോകും. ബാബക്കാണെങ്കിൽ അനേക പ്രകാരത്തിൽ നമ്മളെ ഉയർത്തേണ്ടി വരുന്നു. ഈ ശരീരത്തിലേക്കാണ് ശിവബാബ പ്രവേശിക്കുന്നത്, ഇതിൽ സംശയിക്കരുത്. മായ വളരെ കൊടുങ്കാറ്റ് കൊണ്ടു വരും, ഹനുമാനെ പോലെ ഉറച്ചവരായി മാറണം, മായാ രാവണൻ നമ്മളെ ഇളക്കരുത്. ആദിദേവനെ മഹാവീരനെന്നും ഹനുമാനെന്നും പറയാറുണ്ട്. പേര് കൊടുത്തിട്ടുണ്ടല്ലോ. കുട്ടികളിൽ ചിലർ മഹാരഥികളാണ്. കാര്യം യഥാർത്ഥത്തിൽ ഇവിടുത്തെ ആണ്. ആരിലാണോ ജ്ഞാനത്തിന്റെ സാരം ഇല്ലാത്തത് അവർ വാടിയതു പോലെയിരിക്കും. ജ്ഞാനത്തിന്റെ മാലിസിലൂടെ ലക്ഷ്മി നാരായണനായതു നോക്കൂ എത്ര സുന്ദരമായിട്ടുണ്ട്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) തന്റെ ലക്ഷ്യത്തെ സമീപത്ത് വെച്ച് ഉയർന്ന പദവി പ്രാപ്തമാക്കാൻ പുരുഷാർത്ഥം ചെയ്യണം, വളരെ രാജകീയമായ പെരുമാറ്റമായിരിക്കണം അതോടൊപ്പം ശ്രീമത്തിലൂടെ നടക്കണം.

2) ഏതെങ്കിലും ദേഹധാരിയുടെ നാമരൂപത്തെ ഓർമ്മിക്കരുത്. ഒരു ബാബയുടെ അവ്യഭിചാരി ഓർമ്മയിൽ കഴിയുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം.

## വരദാനം:-തന്റെ ശക്തിശാലിയായ മനസാ ശക്തിയിലൂടെയും ശുഭഭാവനയിലൂടെയും പരിധിയില്ലാത്ത സേവനം ചെയ്യുന്ന വിശ്വ പരിവർത്തകരായി ഭവിക്കട്ടെ.

വിശ്വപരിവർത്തനത്തിന് വേണ്ടി സൂക്ഷ്മ ശക്തിശാലി സ്ഥിതിയുള്ള ആത്മാക്കൾ വേണം. അവർക്ക് തങ്ങളുടെ ആന്തരീക ഭാവനയിലൂടെ, ശ്രേഷ്ഠ സങ്കൽപത്തിലൂടെ അനേകം ആത്മാക്കളെ പരിവർത്തനം ചെയ്യാൻ കഴിയണം. പരിധിയില്ലാത്ത സേവനം ശക്തിശാലിയായ മനസാ ശക്തിയിലൂടെയും, ശുഭഭാവനയിലൂടെയും ശുഭകാമനയിലൂടെയുമാണ് നടക്കുന്നത്. അതിനാൽ കേവലം സ്വയത്തെ പ്രതി മാത്രം ഭാവനയുള്ളവരല്ല, മറിച്ച് മറ്റുള്ളവരെയും ശുഭഭാവന, ശുഭകാമനയിലൂടെ പരിവർത്തനം ചെയ്യൂ. പരിധിയില്ലാത്ത സേവനവും വിശ്വസേവനവും ബാലൻസുള്ള(സന്തുലനം) ആത്മാക്കൾക്കാണ് ചെയ്യാൻ കഴിയുക. അതിനാൽ ഭാവനയും ജ്ഞാനവും, സ്നേഹവും യോഗവും ഈ ബാലൻസിലൂടെ വിശ്വപരിവർത്തകരാകൂ.

## സ്ലോഗൻ:- ബുദ്ധിയാകുന്ന കൈ ബാപ്ദാദയുടെ കൈയിൽ കൊടുക്കൂ, എങ്കിൽ പരീക്ഷകളാകുന്ന സാഗരത്തിൽ ഇളകിയാടുകയില്ല.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ** : മനസ്സ് തന്നെ ബാബയുടേതാണെങ്കിൽ പിന്നെ മനസ്സെങ്ങനെ വെക്കും, എങ്ങനെ സ്നേഹിക്കും! ഈ പ്രശ്നമേ ഉദിക്കുന്നില്ല, എന്തുകൊണ്ടെന്നാൽ സദാ ലൗലീനമാണ്, സ്നേഹസ്വരൂപമാണ്, മാസ്റ്റർ സ്നേഹ സാഗരനായി മാറി, അതിനാൽ സ്നേഹിക്കേണ്ടി വരുന്നില്ല, സ്നേഹത്തിന്റെ സ്വരൂപമായി മാറി. എത്രത്തോളം ജ്ഞാന സൂര്യന്റെ കിരണങ്ങൾ അഥവാ പ്രകാശം വർദ്ധിക്കുന്നുവോ അത്രയും തന്നെ അധികം സ്നേഹത്തിന്റെ തിരമാലകൾ കുതിച്ചുയരും.